**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2626** **17-03-2022 - ൽ മറുപടിയ്ക്ക്**

**കയർ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ വികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | കയർ വികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. കയർ രണ്ടാം പുന:സംഘടന. 2. വിപണനം, പരസ്യ പ്രചരണ വ്യാപാര പ്രവർത്തനങ്ങൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധന സഹായം. 3. 50% കേന്ദ്ര വിഹിതത്തോടെ കയറിന്റെയും കയറുല്പന്നങ്ങളുടെയും വില്പനക്കുള്ള വിപണി വികസന സഹായം. 4. കയർ ഭൂവസ്ത്ര വികസന പരിപാടിയിലൂടെ കേരളത്തിലെ മുഴുവൻ കയർ തൊഴിലാളികൾക്കും തൊഴിലും കയർ അധിഷ്ഠിത വ്യവസായത്തിന്റെ സ്ഥിരതയും ഉറപ്പാക്കൽ. 5. കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം 6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണവും പശ്ചാത്തല വികസനവും 7. പരിശീലനവും മാനേജ് മെന്റ് മെച്ചപ്പെടുത്തലും. 8. ഉല്പാദനവും വിപണന പ്രചോദനവും 9. വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് (ക്രയവില സ്ഥിരതാ പദ്ധതി) 10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം. 11. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി. 12. കയർ സഹകരണ സംഘങ്ങളിൽ നിന്നും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള പ്രത്യേക പദ്ധതി. 13. കയർ സഹകരണ സംഘങ്ങളുടെ പുനസംഘടനയും മാനേജീരിയൽ സബ്സിഡിയും കയർ വികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. പള്ളിപ്പുറം ഡവലപ്പ്മെന്റ് സെന്റർ ആലപ്പുഴ- ക്ലസ്റ്റർ രൂപീകരണം. 2. കണിച്ചുകുളങ്ങര, ആലപ്പുഴ – ബൈൻഡർ ലെസ് ബോർഡ് ഫാക്ടറി രൂപീകരണം. |

| | | | |
|---|---|---|---|
| | | | 3. സഹകരണ മേഖലയുടെ കീഴിൽ - യന്ത്രവൽകൃത കയറുല്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കൽ. |

സെക്ഷൻ ഓഫീസർ